WEDNESDAY 09/10/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/10/2024

1. തിരുവനന്തപുരം ഫെഡറേഷൻ ഓഫ് ഇൻഡിജിനസ് എപ്പികൾചറിസ്റ്റിന്റെ ആഭിമുഖ്യത്തിൽ നബാർഡ്, ഹോർട്ടികൾചർമിഷൻ, കൃഷി വകുപ്പ്, ഹോർട്ടികോർപ് എന്നിവരുടെ സഹകരണത്തോടെ ദേശീയ തേനീച്ച കർഷക സംഗമവും, തേനുത്സവവും സംഘടിപ്പിക്കുന്നു. ഒക്ടോബർ മാസം 11, 12, 13 തീയതികളിൽ അയ്യങ്കാളി ഹാളിലെ സംഗമം കാർഷികോൽപാദന കമ്മിഷണറും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി. അശോക് ഐ എ എസ് ഉദ്ഘാടനം ചെയ്യും. മുൻകൂർ റജിസ്റ്റർ ചെയ്ത 300 പേർക്കായിരിക്കും സെമിനാറിൽ പ്രവേശനം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 94471 02577.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിവിധ പച്ചക്കറി വിളകളായ വഴുതന, പാവൽ, കുമ്പളങ്ങ, പയർ, വെള്ളരി, വെള്ളരി, തണ്ണിമത്തൻ, പടവലങ്ങ, വെണ്ട എന്നിവയുടെ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കർഷകർക്കായി വിവിധ കാർഷിക യന്ത്രോപകരണങ്ങളിൽ (ട്രാക്ടർ, പവർ ടില്ലർ, ഞാറ് നടീൽ യന്ത്രം, ഗാർഡൻ ടില്ലർ, പുല്ലുവെട്ടി യന്ത്രം, മരം മുറിക്കുന്ന യന്ത്രം. തെങ്ങുകയറ്റ യന്ത്രം) പ്രവൃത്തി പരിചയം നേടുന്നതിനും, അവയുടെ റിപ്പയർ, മെയിൻറനൻസ്, ഓപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിരിക്കുകയാണ്. കാർഷിക മേഖലയിൽ ഇത്തരം പരിശീലനത്തിന് താത്പര്യം ഉള്ളവരെ മാത്രം പരിഗണിച്ചുകൊണ്ട് 2024 ഒക്ടോബർ 17 മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ബാച്ചിലും 30 പേർ അടങ്ങുന്ന 5 ബാച്ചുകളായി റസിഡൻഷ്യൽ ട്രെയ്നിംഗ് നടത്തുവാനാണ്

തീരുമാനിച്ചിരിക്കുന്നത്. പരിശീലനാർത്ഥികൾക്ക് താമസവും, ഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്, കേരളത്തിലെ 14 ജില്ലകളിൽ നിന്നും പരിശീലനത്തിന് താത്പര്യമുള്ളവർ 0471-2481763, 9383470315 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2023 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് അപേഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വ്യക്തികളെയും മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതികളെയും (ബി.എം.സി). കാവുകളെയും, വിദ്യാഭ്യാസസ്ഥാപനങ്ങളെയും, മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം'. അപേക്ഷകൾ ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ഓൺലൈനായി ksbbawards@gmail.com എന്ന ഈ മെയിൽ വഴി അയക്കാവുന്നതാണ്. തപാൽ വഴിയോ നേരിട്ടോ അപേക്ഷയുടെ ഹാർഡ്കോപ്പി അനുബന്ധ രേഖകൾസഹിതം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം റ്റി സി 24/3219, നം 43 ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം 69003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. വിശദവിവരങ്ങളും അപേക്ഷയുടെ മാതൃകയും www.korabbiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 15 ന് വൈകുന്നേരം 5 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2724740 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യ സമ്പദയോജന പദ്ധതിയുടെ ഘടക പദ്ധതിയായ ഉപ്പുവെള്ള പ്രദേശങ്ങളിൽ ബയോഫ്ളോക് കുളം നിർമ്മാണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത അപേക്ഷകൾ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഒക്ടോബർ 15 വൈകീട്ട് നാല് മണിവരെ ഓഫിസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2732340.

**പരിശീലന പരിപാടി**

6. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയമായ പശു പരിപാലനം'' എന്ന വിഷയത്തെ ആസ്പദമാക്കി 14/10/2024 മുതൽ 18/10/2024 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9496332048, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ ചെയ്യാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ചെറുതേനീച്ച വളർത്തൽ' എന്ന വിഷയത്തിൽ 2024 ഒക്ടോബർ മാസം 16,17 തീയതികളിൽ 2 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. ചെറുതേനീച്ചക്കോളനികളുടെ ശാസ്ത്രീയപരിചരണത്തെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ചെറുതേനീച്ചവളർത്തലിൽ വൈദഗ്ധ്യം നേടിയ ആർ. രാമചന്ദ്രൻ ഇന്ന് (2024

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒക്ടോബർ 09 ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 04812576622.

9. മാവ് തളിരിടുന്ന സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ തേയിലക്കൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ മിശ്രിതം തളിച്ചാൽ മതി. 20 മി.ലി, വേപ്പെണ്ണ 5 ഗ്രാം ബാർസോപ്പും ഒരു ലിറ്റർവെള്ളത്തിൽ ചേർത്ത് നല്ലപോലെ കലക്കിചേർത്ത ശേഷം വേണം തളിക്കാൻ.

10. വാഴ നടുന്ന സമയമാണിത്. ആരോഗ്യമുള്ള സൂചിക്കന്നുകൾ വേണം നടാൻ ഉപയോഗി-ക്കാൻ. വാഴ നട്ട് ഒരു മാസത്തിനകം ജൈവവളം, എല്ലുപൊടി എന്നിവയും നൽകണം. നടുന്നതിനു മുമ്പായി കുമ്മായവും വേപ്പിൻ പിണ്ണാക്കും ചേർത്തുകൊടുക്കുന്നത് നല്ലതാണ്. വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം രൂക്ഷമാണെങ്കിൽ നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങിച്ചെല്ലത്തക്കവിധം തളിച്ച് കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം